**ശ്രദ്ധക്ഷണിക്കൽ**

<u>ജനസംഖ്യാനുപാതിക സംവരണം</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, കേരളത്തിൽ ആദിവാസി ജനസംഖ്യ 2 ശതമാനത്തോളമാണ്. അവരുടെ തൊഴിലിനുള്ള സംവരണവും ഏകദേശം 2 ശതമാനം തന്നെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരുടെ തൊഴിൽ അവസരങ്ങൾ കുറയുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം നിയമസഭയിൽ പ്രത്യേക പ്രമേയം പാസ്സാക്കി, തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തത് അങ്ങേയറ്റം സ്വാഗതാർഹമാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ കേരളത്തിലെ ജനസംഖ്യയുടെ 2 ശതമാനത്തിനേക്കാൾ കൂടുതൽ ജനസംഖ്യയുള്ള വയനാട്, ഇടുക്കി, കാസർഗോഡ് തുടങ്ങിയ ഒട്ടേറെ ജില്ലകളിൽ ആദിവാസി ജനസംഖ്യ കൂടുതൽ ആണെന്ന് കാണാൻ കഴിയും. വയനാട്ടിൽ ആദിവാസി ജനസംഖ്യ 18 ശതമാനമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിന് കാത്തിരിക്കുന്നവരുടെ എണ്ണം 11998 ആണ്. 2 ശതമാനമായി കണക്കാക്കിയാൽ അതിൽ 240 പേർക്ക് മാത്രമാണ് തൊഴിൽ കിട്ടുന്നത്. സംവരണം ജില്ലാടിസ്ഥാനത്തിൽ, ഓരോ വ്യത്യസ്ത ആദിവാസി വിഭാഗത്തിന്റെയും ജനസംഖ്യയ്ക്ക് ആനുപാതികമായി വർദ്ധിപ്പിക്കാൻ

കഴിയുന്ന നിലപാട് സ്വീകരിക്കേണ്ടതുണ്ട്. ഒ.ബി.സി.-യിൽ വിശ്വകർമ്മ, ധീവര തുടങ്ങിയ വിഭാഗങ്ങൾക്ക് സംവരണത്തിനകത്ത് സംവരണം കൊടുത്തിട്ടുണ്ട്. അതുപോലെ പിന്നോക്കം നിൽക്കുന്ന ആദിവാസികൾക്കും മറ്റ് ജനവിഭാഗങ്ങൾക്കുമെല്ലാം, തൊഴിലവസരം വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം ഒരു ജനതയുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയില്ലെന്ന് അറിയാം. സംവരണാനുകൂല്യങ്ങൾ എത്രത്തോളം ലഭ്യമാക്കാൻ കഴിയുമോ അത്രയും ലഭ്യമാക്കാൻ കഴിയണം. ജില്ലാടിസ്ഥാനത്തിൽ, ആദിവാസികളുടെ ജനസംഖ്യാ തോത് അനുസരിച്ച് സംവരണം ഏർപ്പെടുത്തുന്ന നടപടി സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ കഴിയുമോ എന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സംസ്ഥാന സർക്കാർ ജോലി ഒഴിവുകളിൽ നിയമനങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത് കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമാണ്. ഇതുപ്രകാരം 10 ശതമാനം സംവരണമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് നൽകുന്നത്. അതിൽ രണ്ട് ശതമാനം സംവരണം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുകയാണ്. ഭരണഘടനയിലെ

16-ാം അനുച്ഛേദപ്രകാരം മതിയായ പ്രാതിനിധ്യം ഇതുവഴി സർക്കാർ സർവ്വീസിൽ ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ 33 ശതമാനത്തോളം ആളുകൾ വയനാട് ജില്ലയിൽ ജീവിച്ചുവരുന്നുണ്ട്. ഇവർ ജില്ലാ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ 18.53 ശതമാനം വരും. അതനുസരിച്ചുള്ള സംവരണം കിട്ടുന്നില്ല എന്നുള്ളതാണ് ശ്രീ. സി. കെ. ശശീന്ദ്രൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. ഒരു സംസ്ഥാനത്ത് സംവരണം നിശ്ചയിക്കുന്നത് സംസ്ഥാന ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്. അത് ജില്ലാ അടിസ്ഥാനത്തിലോ കൂടുതൽ ആളുകൾ താമസിക്കുന്ന പ്രത്യേക പ്രദേശങ്ങളുടെ അടിസ്ഥാനത്തിലോ നിശ്ചയിക്കാൻ കഴിയുന്നതല്ല. അങ്ങനെ വരുമ്പോൾ, ചില പ്രത്യേക വിഭാഗങ്ങൾ ചില പ്രത്യേക ജില്ലകളിൽ കൂടുതലാണ്. അവർക്ക് ആ ജില്ലകളിൽ പ്രത്യേകമായിട്ടുള്ള ആനുകൂല്യം കൊടുക്കണം എന്ന വാദത്തിലേയ്ക്ക് എത്തും. അത് നിയമപരമല്ല. അപ്രകാരമുള്ള സംവരണം അർഹരായ ഒരു ജാതിമത വിഭാഗങ്ങൾക്കും അനുവദിക്കാൻ നിയമപ്രകാരം കഴിയില്ല. വയനാട് ജില്ലയിൽ പട്ടിക ഗോത്രവർഗ്ഗക്കാരുടെ ജനസംഖ്യ മറ്റിതര പ്രദേശങ്ങളേക്കാൾ കൂടുതലായതിനാൽ ജില്ലാ അടിസ്ഥാനത്തിൽ തൊഴിൽ സംവരണം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ നിയമത്തിലെ സംവരണ കാര്യത്തിൽ കേന്ദ്ര സർക്കാരിന് തീരുമാനം

കൈക്കൊള്ളാനും കഴിയുകയില്ല. ഈ പറഞ്ഞ കാര്യം ശരിയാണ്. അവിടെ ജനസംഖ്യയുടെ 18 ശതമാനത്തിൽക്കൂടുതൽ പട്ടിക വർഗ്ഗമാണ്. എന്നാൽ അവിടെ പട്ടികവർഗ്ഗക്കാർക്ക് അതിനനുസരിച്ചുള്ള നിയമനം കിട്ടുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുപക്ഷെ നിലവിലുള്ള നിയമവ്യവസ്ഥയിൽ സാധിക്കുന്നതല്ല. സംവരണം സ്റ്റേറ്റിന് മൊത്തത്തിലുള്ളതാണ്. ജില്ലാ അടിസ്ഥാനത്തിൽ ഒരു പ്രത്യേക ജാതിയയുടെയോ മതത്തിന്റെയോ അടിസ്ഥാനത്തിൽ അത് വീതിച്ചുകൊടുക്കാൻ സാധിക്കില്ല.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, സംവരണം നടപ്പിലാക്കാനുള്ള ബുദ്ധിമുട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ആദിവാസി ജനവിഭാഗങ്ങൾക്കെല്ലാവർക്കും ഒരുപോലെ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനു വേണ്ടി സംവരണത്തിനകത്ത് ഇപ്പോൾ ഒ.ബി.സി., വിശ്വകർമ്മ, ധീവര എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക സംവരണം നൽകുന്നതുപോലെതന്നെ എല്ലാ ആദിവാസി ജനവിഭാഗങ്ങൾക്കും അവരുടെ ജനസംഖ്യാ തോതനുസരിച്ച് ജനാധിപത്യപരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം ഇവിടെ ഒരു പ്രസ്താവന നടത്തിയിരുന്നു. ആ വിഭാഗത്തിൽ ഏത് കാറ്റഗറിയിലാണോ ഇപ്പോൾ ഒഴിവുള്ളത് അത് നികത്തുന്നതിനുള്ള ശക്തമായ

നിലപാട് സ്വീകരിക്കും. നേരത്തെ ഞാൻ പറഞ്ഞ പ്രശ്നം നിയമപരമായതാണ്. അതുകൊണ്ടാണ് സാധിക്കില്ലെന്ന് പറഞ്ഞത്. അതേസമയം ആ വിഭാഗത്തിന് നീക്കിവച്ച പരിപൂർണ്ണമായ സീറ്റ്, എത്രയാണോ വേക്കൻസിയുള്ളത് അത് നികത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും.

ഭൂമി ഏറ്റെടുക്കൽ

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മലപ്പുറം ജില്ലയിലെ ദേശീയ പാത 17 (ഇപ്പോഴത്തെ പുതിയ എൻ.എച്ച്. 66) -ന്റെ വികസനവുമായി ബന്ധപ്പെട്ട് ഏതാനും മാസങ്ങളായി മലപ്പുറം ജില്ലയിൽ വലിയ ഭീതിയും ആക്ഷേപങ്ങളുമൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മാസം 14-ാം തീയതി ഇറക്കിയ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ പുതിയ സർവ്വേ അനുസരിച്ചുള്ള അലൈൻമെന്റുമായി ബന്ധപ്പെട്ടുകൊണ്ടാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട ജില്ലാ കളക്ടർ എം.എൽ.എ.മാരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം വിളിച്ചിരുന്നു. പക്ഷെ, ഈയൊരു പ്രത്യേകമായ അജണ്ട വച്ചുകൊണ്ടല്ല, യോഗം വിളിച്ചത്. അതുകൊണ്ടുതന്നെ ജില്ലയിലെ ഒരു എം.എൽ.എ. മാത്രമാണ് ആ യോഗത്തിൽ പങ്കെടുത്തത്. കുറേ പഞ്ചായത്ത് പ്രസിഡന്റുമാരും പങ്കെടുത്തു. മാത്രമല്ല, അവിടെ സാറ്റലൈറ്റിന്റെ അടിസ്ഥാനത്തിലുണ്ടാക്കിയ പ്ലാൻ കാണിച്ചുകൊടുത്തുകൊണ്ടാണ് കാര്യങ്ങൾ വിശദീകരിച്ചത്. അതല്ലാതെ, നേരിട്ട് സ്ഥലം സന്ദർശിച്ചുകൊണ്ട് സ്ഥലം

നഷ്ടപ്പെടുന്ന ആളുകളുമായി ബന്ധപ്പെടാനുള്ള ഒരു സാഹചര്യവും ഇതുവരെ ഉണ്ടായിട്ടില്ല. കഴിഞ്ഞ കുറേ വർഷങ്ങളിലായി പലതവണകളായി നാഷണൽ ഹൈവേയുടെ അലൈൻമെന്റുമായി ബന്ധപ്പെട്ട് സർവ്വേകൾ നടത്തിയിരുന്നു. കുറേക്കാലം അതിന്റെ ഒച്ചപ്പാടുണ്ടാകും, അതുകഴിയുമ്പോൾ അവസാനിക്കും. ഇപ്പോൾ അവസാനം വന്നിട്ടുള്ള അലൈൻമെന്റ് ജനങ്ങൾക്ക് നേരത്തെയുള്ള അലൈൻമെന്റിനേക്കാൾ കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലാണ് എന്നാണ് പൊതുവേ ആക്ഷേപം. കഴിഞ്ഞ ആഴ്ച ഞങ്ങളെല്ലാവരുംകൂടി പങ്കെടുത്ത ഒരു മീറ്റിംഗ് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്നു. അടുത്ത മൂന്നാം തീയതിവരെ ഇതിൽ സ്ഥലം നഷ്ടപ്പെടുന്നവർക്ക് ആക്ഷേപങ്ങളും പരാതികളും നൽകാനുള്ള അവസരമുണ്ട്. പക്ഷെ അതിനുമുമ്പ് കഴിഞ്ഞ തിങ്കളാഴ്ചതന്നെ കുറ്റിപ്പുറം ഭാഗത്തുനിന്ന് അളവ് തുടങ്ങിയിരിക്കുകയാണ്. കോട്ടയ്ക്കൽ, വേങ്ങര, തിരൂരങ്ങാടി, വള്ളിക്കുന്ന് എന്നിങ്ങനെ നാലഞ്ച് മണ്ഡലങ്ങളിലൂടെയാണ് ഈ നാഷണൽ ഹൈവേ കടന്നുപോകുന്നത്. അവിടെയൊക്കെ നേരത്തെയുണ്ടായിരുന്ന അലൈൻമെന്റിനേക്കാൾ രൂക്ഷമായ രീതിയിലുള്ള കുടിയൊഴിപ്പിക്കലുമൊക്കെ വേണ്ടിവരുന്ന സ്ഥിതിയാണ്. നിലവിലുള്ള റോഡിന്റെ ഇരുഭാഗത്തുനിന്നും വീതി കൂട്ടാനാവശ്യമായ സ്ഥലം തുല്യമായി എടുത്തുകൊണ്ട് പോകുക, വലിയ വളവും കാര്യങ്ങളുമുള്ള സ്ഥലങ്ങളിൽ അതിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുക എന്നുള്ളതായിരുന്നു

പൊതുവേയുണ്ടായിരുന്ന ധാരണ. എന്നാൽ നേരത്തെ വളവില്ലാത്തിടത്ത് കൂടുതൽ വളവുണ്ടാക്കുന്ന രീതിയിലുള്ള സ്കെച്ചുകളാണ് ഇവിടെ വന്നിട്ടുള്ളത്. പാലച്ചിറവിള ഭാഗത്തുള്ള ഒരു അലൈൻമെന്റാണിത് (പേപ്പർ ഉയർത്തി കാണിച്ചു). നേരത്തെയുണ്ടായിരുന്നതിനെക്കാൾ ധാരാളം വളവും തിരിവും വരുത്തിക്കൊണ്ടാണ് ഇപ്പോഴുണ്ടാക്കിയിട്ടുള്ളത്. അതുപോലെതന്നെ കൊളപ്പുറത്തും നേരത്തെയുള്ളതിനെക്കാൾ വലിയ തോതിൽ വളവ് വരുത്തിക്കൊണ്ടാണ് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളത്. എന്തൊക്കെയോ ചില ദുരൂഹതകൾ, അല്ലെങ്കിൽ ആരെയെങ്കിലും തൃപ്തിപ്പെടുത്താനുമുള്ള ശ്രമങ്ങൾ ഇതിന്റെ ഭാഗമായി നടക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ നോട്ടിഫിക്കേഷൻ വന്ന് പരാതികൾ ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ സ്വീകരിച്ച് അതിൽ യുക്തമായ നടപടികൾ സ്വീകരിച്ചതിനുശേഷം ഇവരുമായി കൂടിക്കാഴ്ച നടത്തി നഷ്ടപരിഹാരത്തെക്കുറിച്ച് സംസാരിച്ചുകഴിഞ്ഞതിനുശേഷം മാത്രമേ സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ടുപോകാൻ പാടുള്ളൂ. എന്നാൽ ആദ്യംതന്നെ സ്ഥലമെടുപ്പിനായി പോലീസിന്റെ അകമ്പടിയോടുകൂടി റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ പോയി ഒരു ഭീകരാന്തരീക്ഷം അവിടെ സൃഷ്ടിക്കുകയാണ്. ധാരാളം സ്ഥലങ്ങൾ, മത സ്ഥാപനങ്ങൾ, പള്ളികൾ, മദ്രസകൾ, അമ്പലങ്ങൾ, ഖബർസ്ഥാനുകൾ എല്ലാം ഇതിന്റെ ഭാഗമായി ഒഴിപ്പിക്കേണ്ടിവരും. നേരത്തെയുണ്ടായിരുന്ന അലൈൻമെന്റിനെക്കാൾ കൂടുതൽ,

അന്ന് അലൈൻമെന്റ് വന്നപ്പോൾ അവിടെ സ്ഥലം പോകുമെന്ന് വിചാരിച്ച് മറ്റൊരു സ്ഥലത്ത് വീടുവച്ച ആളുകൾക്ക് ഇപ്പോൾ നിർമ്മിക്കുന്ന വീടുകൂടി നഷ്ടമാകുന്ന അവസ്ഥയാണ്. ആരെയൊക്കെയോ തൃപ്തിപ്പെടുത്താൻ തയ്യാറാക്കിയ അലൈൻമെന്റ് പോലെയാണ് ഈ അലൈൻമെന്റ് കാണുമ്പോൾ തോന്നുന്നത്. നഷ്ടപരിഹാരത്തിന്റെ കാര്യത്തിലാണെങ്കിൽ ഇന്നലെ പത്രങ്ങളിൽ വന്നിട്ടുള്ള ഒരു കാര്യം, 1956-ലെ ആക്ട് അനുസരിച്ച് മാത്രമാണ് നഷ്ടപരിഹാരം നൽകാൻ പോകുന്നത് എന്നാണ്. ഇരകൾക്ക് കിട്ടേണ്ട മതിയായ പ്രതിഫലം കിട്ടുകയില്ല എന്നുള്ള രീതിയിൽ ഇന്നലെ പത്രങ്ങളിൽ വാർത്ത വന്നു. അവിടെ നേരത്തെ മീറ്റിംഗിൽ പറഞ്ഞിരുന്നത് ഏറ്റവും വലിയ നഷ്ടപരിഹാരം, മെട്രോയ്ക്ക് കൊടുത്തതുപോലുള്ള നഷ്ടപരിഹാരം ലഭ്യമാക്കുമെന്നാണ്. അതൊന്നുമില്ലാത്ത രീതിയിൽ ജനങ്ങളെ കബളിപ്പിക്കുന്ന രീതിയിലുള്ള ഒരു നടപടിയാണ് റവന്യൂ വിഭാഗത്തിന്റെയും പോലീസിന്റെയും ഭാഗത്തു നിന്നുണ്ടാകുന്നത്. അതുകൊണ്ട് ഈ വളവുകളും തിരിവുകളും നേരത്തെ പറഞ്ഞതുപോലെ, റോഡുകൾ വേണ്ടായെന്ന് ആരും പറയുന്നില്ല, വീതി കൂട്ടേണ്ട എന്നുപറയുന്നില്ല. പക്ഷെ, ഇതിലിപ്പോൾ എം.എൽ.എ.-മാരെയും മറ്റ് ജനപ്രതിനിധികളെയും കുറ്റപ്പെടുത്തുന്ന രീതിയിലുള്ള ഒരു സമീപനമാണ് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ സ്വീകരിക്കുന്നത്. ഇതെല്ലാംതന്നെ എം.എൽ.എ.മാർ കണ്ട് ബോധ്യപ്പെട്ടതാണ് എന്നാണ് ജനങ്ങളോട് അവർ പറയുന്നത്. അപ്പോൾ ഞങ്ങൾക്ക് ജനങ്ങളുടെ

ഇടയിൽ പോകാൻ കഴിയാതെ, ജനങ്ങൾ ഞങ്ങളെ പ്രതിസ്ഥാനത്തു നിർത്തുന്ന ഒരവസ്ഥയാണ്. ഞങ്ങളാണ് ഇതിനൊക്കെ കാരണക്കാർ എന്ന രീതിയിൽ റവന്യൂ വകുപ്പുദ്യോഗസ്ഥർതന്നെ ജനങ്ങളോട് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് മണ്ഡലങ്ങളിൽ പോകാൻ കഴിയാതെ വന്നിരിക്കുകയാണ്. ഇപ്പോൾ അവർ അവരുടേതായ രീതിയിലുള്ള പ്രക്ഷോഭങ്ങളും കാര്യങ്ങളുമൊക്കെ നടത്തുന്നുണ്ട്. ജനപ്രതിനിധികളായ ഞങ്ങൾക്ക് മാറി നിൽക്കാൻ കഴിയില്ല. ഞങ്ങൾക്ക് അവരുടെകൂടെ നിൽക്കേണ്ടിവരും. അങ്ങനെ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിനുപകരം, നാഷണൽ ഹൈവേയ്ക്ക് നല്ല വീതിയും ട്രാഫിക്കുമൊക്കെ വേണം അക്കാര്യത്തിലൊന്നും ഒരു തർക്കവുമില്ല. പക്ഷെ എല്ലാവരെയും വിശ്വാസത്തിലെടുത്തുകൊണ്ടും ഭൂമി നഷ്ടപ്പെടുന്നവർക്കാവശ്യമായ നഷ്ടപരിഹാരം നൽകിക്കൊണ്ടും അശാസ്ത്രീയമായ കാര്യങ്ങൾ ഒഴിവാക്കി കൊണ്ടുള്ളതുമായ ഒരു അലൈൻമെന്റ് വേണം. ആ രീതിയിലുള്ള ഒരു അലൈൻമെന്റ് ആകുന്നതുവരെ ഇപ്പോൾ നടത്തുന്ന സർവ്വേകൾ നിർത്തിവയ്ക്കാനും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് അവരെ പൂർണ്ണമായും കൺവിൻസ് ചെയ്തുകൊണ്ട് സർവ്വേ നടപടികൾ മുന്നോട്ടുകൊണ്ടുപോകാനും ആവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർക്കും ജില്ലാ ഭരണകൂടത്തിനും നൽകണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അവിടെ ഓരോ ദിവസവും സ്ഥിതി വഷളായിക്കൊണ്ടുവരികയാണ്. അതിനിയും വഷളാകാനുള്ള സാഹചര്യമുണ്ടാക്കരുത്. അറിയാത്ത കാര്യത്തിന് എം.എൽ.എ.-

മാരെ കുറ്റപ്പെടുത്തുന്ന സ്ഥിതിവിശേഷം ഉണ്ടാകരുതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിൽ ഒരുപാട് കാലങ്ങളായി നീണ്ടുനിൽക്കുന്ന നാഷണൽ ഹൈവേ സ്ഥലമെടുപ്പ് ഇപ്പോഴെങ്കിലും നല്ല രീതിയിൽ പരിഹരിക്കാൻ കഴിയണം. അതിനുള്ള ശ്രമംകൂടി ഉണ്ടാകണം. അതിന് ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ നിർദ്ദേശം നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പോലുള്ള സ്ഥലത്ത് ദേശീയ പാതയ്ക്ക് അലൈൻമെന്റ് പ്രകാരം സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. ആളുകളെല്ലാം എതിരാണെന്നാണ് അദ്ദേഹം പറയുന്നത്. പോലീസുകാർക്ക്, നിങ്ങളുടെ നാട്ടിലെ ഒരു ക്ലബ്ബിലെ ചെറുപ്പക്കാർ വെള്ളംകൊടുക്കുന്ന പടമാണ് മാതൃഭൂമി പ്രസിദ്ധീകരിച്ചിരിക്കുന്നത് (മൊബൈൽ ഫോൺ ഉയർത്തിക്കാണിച്ചു). ആ പടമാണ് ഈ കാണുന്നത്. അപ്പോൾ അങ്ങ് പറഞ്ഞതുപോലെയുള്ള സംഘർഷമൊന്നുമവിടെയില്ല. സമയത്തിന്റെ കുറവുണ്ടെങ്കിലും ഇവിടെ വളരെ വിശദമായി മറുപടി പറയേണ്ടതുണ്ട്. അങ്ങ് ഉന്നയിച്ച പ്രശ്നം അവിടത്തെ മാത്രമല്ല, കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണ് ഭൂമിയെടുത്തത്. അവരാണല്ലോ ഇത് തീരുമാനിക്കുന്നത്, നമ്മളല്ല. കേന്ദ്രഗവൺമെന്റ് പറയുന്ന ഈ കാര്യം നടത്തിക്കൊടുക്കുകയെന്നത്

സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അതല്ലാതെ പിണറായി ഗവൺമെന്റല്ല ഇത് ചെയ്യുന്നത്. അങ്ങനെയാണ് പ്രചരിപ്പിക്കുന്നത്. അത് നമ്മൾ ചെയ്തുവരുമ്പോൾ അവിടെ വാസ്തവത്തിൽ മുൻകാലങ്ങളെക്കാൾ കൂടുതൽ മെച്ചപ്പെട്ട തരത്തിലാണ് അലൈൻമെന്റ് അംഗീകരിച്ചുവെന്നാണ് മനസ്സിലാക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്ന് യോഗങ്ങൾ നടത്തിയിട്ടുണ്ട്. ജനപ്രതിനിധികളെക്കൂടി വിളിച്ചിട്ട് കളക്ടറേറ്റിൽ യോഗം നടത്തിയിട്ടുണ്ട്. ആദ്യത്തെ യോഗം നടന്നത് 17-03-2017-ലാണ്. 06-05-2017 ലാണ് മൂന്നാമത്തെ യോഗം നടന്നത്. ഇതിനിടയ്ക്ക് ഒരു യോഗം നടന്നു. 06-05-2017-ൽ കൂടിയ ജനപ്രതിനിധികളടക്കമുള്ളവരുടെ യോഗതീരുമാനപ്രകാരം 29-05-2017-ലാണ് ഇപ്പോഴത്തെ അലൈൻമെന്റ് ഡിസ്ട്രിക്ട് കളക്ടർ സമർപ്പിച്ചിരിക്കുന്നത്. അതെല്ലാം ചർച്ച ചെയ്തിട്ടാണ് കൊടുത്തിട്ടുള്ളത്. അങ്ങിവിടെ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചതുപോലെ ഇവിടെ ആരോടും ചോദിക്കാതെയല്ല ചെയ്തിട്ടുള്ളത്. അതുപോലെതന്നെ നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ ശരിയല്ലാത്ത തരത്തിലാണെന്ന് അങ്ങ് പറയുന്നുണ്ടായിരുന്നു. വളരെ ശരിയാണെന്ന് മാത്രമല്ല, നഷ്ടപരിഹാരത്തെപ്പറ്റി വളരെ തെറ്റായിട്ടുള്ള വാർത്തകൾ ബോധപൂർവ്വം പ്രചരിപ്പിക്കുകയാണ്. 1956-ലെ നാഷണൽ ഹൈവെ ആക്ട് പ്രകാരമല്ല കോമ്പൻസേഷൻ കൊടുക്കുന്നത്. അത് ഭൂമി ഏറ്റെടുക്കാനുള്ള നിയമമാണ്. ഇതുപോലും അറിയാൻ പാടില്ലാതെ പത്രലേഖകൻമാരായി ചമഞ്ഞ്

നടന്നാലെങ്ങനെയാണ്? പുസ്തകം വായിക്കാതെ, ഭരണഘടന വായിക്കാതെ താന്തോന്നിത്തം എഴുതിപ്പിടിപ്പിക്കുകയാണ്. അവരെയൊന്നും പത്രലേഖകരായി ഞങ്ങൾ അംഗീകരിക്കില്ല. അവരെയെല്ലാം വിദ്വേഷികളായിട്ടാണ് കാണുന്നത്. ആദ്യം പുസ്തകം വായിക്കണം. അല്ലാതെ എന്തിനാണ് ആൾക്കാരെ കുറ്റപ്പെടുത്തുന്നത്; 1956-ലെ നാഷണൽ ഹൈവെ ആക്റ്റ് പ്രകാരമാണ് സ്ഥലമെടുക്കുന്നത്. 2013-ലാണ് കോമ്പൻസേഷൻ ആക്റ്റ് നിലവിൽ വന്നത്. അതാർക്കാണ് അറിയാൻ പാടില്ലാത്തത്. അതിൻപ്രകാരം സ്ഥലമെടുത്താൽ 77,000/- രൂപയേ കിട്ടുകയുള്ളൂവെന്ന് ഒരു പത്രമെഴുതി. കുറച്ച് അഭിപ്രായങ്ങൾ ഉയർന്നുവന്ന കോഴിക്കോട് ജില്ലയിലെ അഴിയൂർ മുതൽ വെങ്ങളം വരെയുള്ള ഭാഗത്ത് ഒരു സെന്റിന് കിട്ടുന്നത് 7,44,000/- രൂപയാണ്. എങ്ങനെയാണിത് കിട്ടുന്നതെന്നതിന്റെ കമ്പ്യൂട്ടേഷനൊക്കെ എന്റെ കയ്യിലുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതൊന്നും ഇവിടെ പറയുന്നില്ല. 2013-ലെ നിയമപ്രകാരം ദേശീയപാതയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ഒന്നാമതായി മാർക്കറ്റ് വാല്യൂ കൊടുക്കും. രണ്ടാമത് അതിന്റെ മൾട്ടിപ്പിൾ ഫാക്ടർ, ഒന്നുമുതൽ രണ്ടിരട്ടി വരെ. മൂന്നാമത്, അർബൻ ഏരിയായിൽനിന്നുള്ള അകലമാണ് അതിന്റെ അടിസ്ഥാനം. Value of assets attached to land or building. കൂടാതെ പ്രഖ്യാപിച്ചുകഴിഞ്ഞ് പൈസ കൊടുക്കുന്നതുവരെ തുകയുടെ 12 ശതമാനം പലിശയായി കൊടുക്കും. ഇതെല്ലാംകൂടി കൂട്ടുമ്പോൾ വെങ്ങളം ഭാഗത്ത് ഒരു

സെന്റിന് 7,44,000/-രൂപ കിട്ടും. എല്ലായിടത്തും ഇങ്ങനെ കിട്ടണമെന്നില്ല. ചിലയിടത്ത് കുറവായിരിക്കും, മറ്റുചിലയിടത്ത് കൂടുതലായിരിക്കും. ഇതെല്ലാം എന്തിനാണ് പത്രങ്ങൾ മറച്ചുവയ്ക്കുന്നത്. അവർ തന്നെയല്ലേ വർഷങ്ങളായി നാലുവരിയാക്കണമെന്ന് മുഖപ്രസംഗമെഴുതിയത്. നാലുവരിയാക്കാൻ കേന്ദ്ര ഗവൺമെന്റ് പറയുന്നു. അതിന്റെയടിസ്ഥാനത്തിൽ ഞങ്ങൾ തീരുമാനിക്കുന്നു. ഉടനെതന്നെ അതിനെതിരായിട്ടാണ് പത്രക്കാർ എഴുതുന്നത്. ഈ ആത്മാർത്ഥതയില്ലായ്മയാണ് ഇവിടെ കീഴാറ്റൂരിലും നടന്നത്. അതുകൊണ്ടാണ് ഞാൻ അത് ഷാർപ്പായി പറയുന്നത്. ഇവിടെ ഗവൺമെന്റിന് ഇന്ന സ്ഥലത്തുകൂടി റോഡ് പോകണമെന്ന് യാതൊരു നിർബന്ധവുമില്ല. ഞങ്ങൾ അങ്ങനെ തീരുമാനിച്ചിട്ടുമില്ല. അതിനൊരു അലൈൻമെന്റുണ്ട്. ആ പാത നിലനിൽക്കുന്നതിന് നൂറ് മൈൽ ദൂരെക്കൂടെ പോകാൻ കഴിയുമോ? അങ്ങ് ഉത്തരവാദിയല്ലെങ്കിലും ഞാൻ അങ്ങയോട് പറയുകയാണ്, മുസ്ലീം ലീഗിലെ ചില നേതാക്കളുടെ സ്ഥലം കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒഴിവാക്കിയിരുന്നു. മുസ്ലിം ലീഗാണെന്ന ആക്ഷേപമുണ്ട്. ഞങ്ങൾ അന്ന് ഇടപെട്ടിട്ടില്ല. ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത് നാഷണൽ ഹൈവേയിൽ 30 മീറ്റർ. അപ്പുറവും ഇപ്പുറവും കൂടി 15 മീറ്റർ, അങ്ങനെ മൊത്തം 45 മീറ്റർ. ഇരുഭാഗത്തും വരും. റോഡിന്റെ നടുവിൽനിന്ന് തുല്യമായി എടുക്കണമെന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അങ്ങനെ തീരുമാനിച്ചില്ല. പിന്നീടത്

മാറ്റി തീരുമാനിച്ചു. അതോടുകൂടി വലിയ ആശ്വാസമായി. തുല്യമായിട്ടെടുക്കുമ്പോൾ ചില ഭാഗത്ത് വ്യത്യാസം വരും.

ശ്രീ. സി. കെ. നാണു: സർ, ഈ നിയമസഭയിലെ എല്ലാ കക്ഷികളും അതിനുവേണ്ടി കൂട്ടായി  തീരുമാനിച്ചതല്ലേ?

ശ്രീ. ജി. സുധാകരൻ: സർ, അതെ. കീഴാറ്റൂരിന്റെ പ്രശ്നംപറഞ്ഞ് കഴിഞ്ഞ ദിവസം ഇവിടെയൊരു അടിയന്തരപ്രമേയം വന്നപ്പോൾ ഞാൻ ഈ ഇഷ്യൂ പറഞ്ഞതാണ്. ഞാൻ പറഞ്ഞുവന്നത് ഒരു ഭാഗത്തൊരു ആറുണ്ടെങ്കിൽ, റെയിൽവേ ക്രോസ് ഉണ്ടെങ്കിൽ, ഒരു ഭാഗം കടലാണെങ്കിൽ, ഒരു ആരാധനാലയത്തിന്റെ ആരാധനാ സ്ഥലമുണ്ടെങ്കിൽ അവിടെയൊന്നും സ്ഥലമെടുക്കാൻ കഴിയില്ല. മറുഭാഗത്ത് കൂടുതൽ സ്ഥലമെടുക്കും. അങ്ങനെ നീതിയുക്തമായിട്ടാണ് എടുത്തിരിക്കുന്നത്. മലപ്പുറത്ത് രാഷ്ട്രീയമായിട്ടുള്ള തെറ്റായ പിൻബലം കൊടുത്ത് ഇങ്ങനെയൊരു പ്രക്ഷോഭം നടത്തുന്നത്  മുസ്ലീം ലീഗ് തന്നെയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ ഭരണകാലത്ത് 45 മീറ്ററിനുവേണ്ടി ഒന്നാമതായി നിങ്ങളുടെ ഭാഗത്തുനിന്നും ആവശ്യപ്പെട്ടത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണ് . ഞങ്ങളുടെ ഭാഗത്തുനിന്നും പറഞ്ഞിട്ടുണ്ട്. കോൺഗ്രസ്സും പറഞ്ഞിട്ടുണ്ട്. നാണുവേട്ടൻ പറഞ്ഞതുപോലെ എല്ലാപേരുംകൂടിച്ചേർന്ന് ആക്കിയതാണ്. ചന്ദ്രിക ദിനപത്രത്തിന്റെ മുഖപ്രസംഗത്തിൽ പറയുന്നു 30 മീറ്റർ മതിയെന്ന്. അതുകണ്ട് ഞാൻ വളരെ

വിഷമിച്ചു. 30 മീറ്റർ മതിയെന്ന് ചന്ദ്രിക ദിനപത്രത്തിൽ മുഖപ്രസംഗമെഴുതി. നിങ്ങളല്ലേ 45 മീറ്റർ വേണമെന്ന് പറഞ്ഞത്. വാസ്തവത്തിൽ ഞങ്ങളുടെ നാട്ടിൽ എരണ്ട എന്നൊരു കിളിയുണ്ട്. രണ്ടുമൂന്ന് ലക്ഷം എരണ്ടകൾ വന്ന് പാടശേഖരത്തിലോട്ട് വീഴും. അതുകണ്ട് കൃഷിക്കാർ ആത്മഹത്യ ചെയ്യാൻ തുടങ്ങും. കാരണം, പിന്നെയവിടെ ഒറ്റ നെല്ലുണ്ടാകില്ല. എല്ലാം ഈ കിളികൾ കൊത്തിക്കൊണ്ടുപോകും. അവ കൃഷിക്കാരെ ദുഃഖത്തിലാഴ്ത്തുകയാണ്. ഞങ്ങൾ ശരിയായ രീതിയിലാണ് ഇത് ചെയ്തിട്ടുള്ളത്. നിങ്ങൾക്കതിൽ തർക്കമുണ്ടാകേണ്ട കാര്യമില്ല. ഇനി അവിടെ എന്തെങ്കിലും മാറ്റം വേണമെങ്കിൽ നിങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് പറയണം. അല്ലാതെ ഞങ്ങളെന്തുവേണം, ഞാൻ എന്തുവേണം, മുഖ്യമന്ത്രി എന്തുവേണം, ഈ സഭ എന്തുവേണം. നിങ്ങൾ എൻ.എച്ച്.എ.യോടു പറഞ്ഞ് വാങ്ങിക്കു. ഞങ്ങൾ ഇത് തിരിച്ചെടുക്കാൻ പോകുകയാണ്, ഞങ്ങൾ ഇത് ഏറ്റെടുക്കുന്നില്ല. കാരണം, ബി.ജെ.പി.ക്കാരും സമരം ചെയ്യാൻ പോകുകയല്ലേ? നിങ്ങൾ അവരോട് പറയണം. ഞങ്ങൾ ഇതുവരെ അങ്ങനെ പറയാത്തതിന്റെ കാരണം, കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ മാന്യതയാണ്. ഞാൻ ഇന്നലെത്തന്നെ അത് പറയേണ്ടതായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിന്നെ അങ്ങനെ പറയില്ല. ഇപ്പോഴും ഞാൻ പറയുന്നില്ല. നിങ്ങൾ അവരോട് പറയൂ. അല്ലെങ്കിൽ ദേശീയ പാത നാലുവരി വേണ്ടായെന്ന് തീരുമാനിക്കു. അങ്ങനെയാണെങ്കിൽ എന്റെ വീട് രക്ഷപ്പെടും.

ഞാനൊരു കാര്യം പറയാം, എന്റെ വീട് പോകുമായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ അലൈൻമെന്റ് പ്രകാരം പടിഞ്ഞാറ് രാജമ്മ ചേച്ചിയുടെ വീടാണ് മൊത്തം പോയിരുന്നത്. അവർ പോലീസ് സ്റ്റേഷനിൽ ബോധംകെട്ടു വീണപ്പോൾ ഞാൻ മനഃപൂർവ്വം മാറ്റിയതാണ്. സത്യം പറയുകയാണ്, എനിക്കതിന്റെ ആവശ്യമില്ലായിരുന്നു. പക്ഷെ ആവശ്യമുണ്ട്. നമ്മുടെയൊരു ചെറിയ വീടൊന്നുമല്ല പ്രശ്നം. വീട് പോയാൽ നമുക്ക് കോമ്പൻസേഷൻ കിട്ടും. അതുകൊണ്ട് നമുക്ക് വേറെ വീട് വച്ചുകൂടെ; നല്ല തുകയല്ലേ കിട്ടുന്നത്. അപ്പോൾ മുസ്ലിം ലീഗ് ഇങ്ങനെയൊരു നിലപാടെടുക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, ഏറ്റവും വേഗം വികസനകാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ളവരാണ് നിങ്ങൾ. അതുകൊണ്ട് ഇവിടെ യാതൊരു വിധത്തിലുള്ള അന്യായവുമില്ല. കൃത്യമായിട്ടാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്. അവിടെ നിങ്ങൾക്ക് നല്ല വില കിട്ടും. ഇപ്പോൾ പറയുന്ന ഈ അപവാദങ്ങളൊന്നും ശരിയല്ല എന്നതാണ് എനിക്ക് പറയാനുള്ളത്. എന്തെങ്കിലും പരാതിയുണ്ടെങ്കിൽ നിങ്ങളത് തന്നാൽ അത് നാഷണൽ ഹൈവേ അതോറിറ്റിക്ക് അയയ്ക്കും. പത്രങ്ങളിൽ മറ്റൊരു വാർത്തയുണ്ട്. അത് കീഴാറ്റൂരിനെപ്പറ്റിയാണ്. ഫ്ലൈ ഓവറിനെക്കുറിച്ച് ശ്രീ. ജയിംസ് മാത്യു ഇവിടെ ഉന്നയിച്ചിരുന്നു. അപ്പോൾ അങ്ങോട്ട് അയച്ചുകൊടുക്കാമെന്ന് ഞാനതിന് മറുപടിയും പറഞ്ഞതാണ്. കത്ത് ഞാൻ അയച്ചുകഴിഞ്ഞു പരിഗണിക്കാൻ, ഇനി അവരുടെ ഇഷ്ടം, പണം തരുന്നത്

അവരല്ലെ. ഇതിലൊന്നും സംസ്ഥാന ഗവൺമെന്റിന് നിർബന്ധമില്ല. സംസ്ഥാന ഗവൺമെന്റിനെ ഇങ്ങനെ പീഡിപ്പിക്കേണ്ട കാര്യമില്ല. ഒരു കൂട്ടം പത്രക്കാർ ഞങ്ങൾക്കെതിരായി ഒരു കോലാഹലവുമുണ്ടാക്കേണ്ട. അതൊന്നും നടക്കുന്ന കാര്യമല്ല. വളരെ സുതാര്യവും സത്യസന്ധവും, നീതിയുക്തവും വികസനപരവുമായിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. എന്ത് മാറ്റമുണ്ടെങ്കിലും അത് മാറ്റേണ്ടതാണെങ്കിൽ കേന്ദ്ര ഗവൺമെന്റിനോട് പറയാം. അതിന് ഞങ്ങളും നിങ്ങളുടെകൂടെയുണ്ട്. പക്ഷെ ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന ഈ അലൈൻമെന്റ് മാറ്റേണ്ട യാതൊരു സാഹചര്യവുമില്ലെന്നാണ് ഗവൺമെന്റ് കാണുന്നത്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി വികാരം കൊള്ളുകയാണ്. അതിന്റെ ആവശ്യമില്ല. കാരണം റോഡ് 45 മീറ്റർ വേണ്ടെന്ന് ഒരാളും പറഞ്ഞിട്ടില്ല. മുസ്ലീം ലീഗോ കോൺഗ്രസോ പറഞ്ഞിട്ടില്ല. ചന്ദ്രിക പത്രത്തിൽ പറഞ്ഞിട്ടുണ്ടാവും. പല പത്രങ്ങളും പലതും പറയും. അതൊന്നും നോക്കണ്ട. ഞാൻ പറയുന്നത് ഒരു എം.എൽ.എ.യും ഒരു ജനപ്രതിനിധിയും വേണ്ടെന്ന് പറഞ്ഞിട്ടില്ല.

<u>ശ്രീ. ജി. സുധാകരൻ</u>: വികാരമൊന്നുമല്ല. വിചാരമാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: ദേശാഭിമാനിയിൽ വരുന്നതുമുഴുവൻ നിങ്ങൾ പറയുന്നതാകണമെന്നില്ലല്ലോ?

<u>ശ്രീ. ജി. സുധാകരൻ</u>: പത്രങ്ങളിൽ പലതും വരുമെന്ന് അങ്ങനെ

തള്ളിപ്പറയരുത്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: ദേശാഭിമാനിയിൽ തന്നെ ഗവൺമെന്റിന് എതിരായി വന്നിട്ടുണ്ടല്ലോ. ആ ചർച്ചയിലേയ്ക്ക് പോകണ്ട.

<u>ശ്രീ. ജി. സുധാകരൻ</u>: ചന്ദ്രികയിൽ അങ്ങനെ പലതും പറയുമെന്ന് മുസ്ലീം ലീഗിന്റെ നേതാവിന് പറയാമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ചന്ദ്രിക പത്രത്തിൽ വരുന്നത് അതിന്റെ അഭിപ്രായമാണ്. അതിനൊരു എഡിറ്റോറിയൽ ബോർഡും മറ്റ് സംവിധാനങ്ങളുമുണ്ട്. അവർ പറയും. ദേശാഭിമാനിയും മറ്റ് പത്രങ്ങളും പറയുന്നുണ്ടല്ലോ? ഇവിടെ 45 മീറ്റർ വേണ്ടെന്ന അഭിപ്രായമില്ല. ഞാനും ബഹുമാനപ്പെട്ട മന്ത്രി പറയുന്നതിനൊപ്പം തന്നെ പറയുന്നു, ഈക്വാലായി രണ്ടു ഭാഗത്തുനിന്നും എടുക്കണം. എവിടെയങ്കിലും വളവും തിരിവും വരുന്ന സ്ഥലത്ത് അതിനനുസരിച്ച് ചെയ്യണമെന്നാണ് പറഞ്ഞത്. ഇപ്പോൾ നിലവിലുള്ള വളവിനെക്കാൾ വലിയ വളവായാണ് ചെയ്യുന്നതെന്നത് ഒരു കാര്യം. രണ്ടാമത്തെ കാര്യം ആരാധനാലയങ്ങളാണ്. അതിനെപ്പറ്റി അങ്ങ് പറഞ്ഞു. മറ്റൊരു കാര്യം 3 (A) നോട്ടീസ് പുറപ്പെടുവിച്ചാൽ പിറ്റേന്നു തന്നെപോയി കുറ്റിയടിക്കുകയാണോ ചെയ്യുന്നത്? അതാണോ നിയമം? അതിനെപ്പറ്റി അങ്ങ് ഒന്നും പറഞ്ഞില്ല. ഇവിടെ അടുത്ത മൂന്നാം തീയതിവരെ ആളുകൾക്ക് പരാതികൊടുക്കാൻ സമയമുണ്ട്. ഡെപ്യൂട്ടി കളക്ടർ (എൽ.എ)-ക്ക് പരാതികൊടുത്ത് അതുമായി ബന്ധപ്പെട്ട

കക്ഷികളോട് സംസാരിച്ചശേഷമാണ് ചെയ്യേണ്ടത്. സോഷ്യൽ ഇംപാക്ട് സ്റ്റഡി ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യണം. ഇതൊന്നും ചെയ്യാതെ യുദ്ധകാല അന്തരീക്ഷം സൃഷ്ടിച്ച് മീറ്റിംഗ് കൂടി പിറ്റേന്ന് തന്നെ ഉദ്യോഗസ്ഥരെ അയയ്ക്കുകയാണ് ചെയ്തത്. നാഷണൽ ഹൈവേ അതോറിറ്റിയോട് പരാതിപ്പെടാനാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറയുന്നത്. ജില്ലാ കളക്ടർ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിയന്ത്രണത്തിലല്ലല്ലോ? ജില്ലാ കളക്ടറും ജില്ലാ ഭരണകൂടവുമാണ് പ്രവർത്തിക്കേണ്ടത്. നാഷണൽ ഹൈവേയിൽ വളവോ തിരിവോ അശാസ്ത്രീയമാണെന്ന പരാതിയോ ഉണ്ടെങ്കിൽ  നാഷണൽ ഹൈവേ അതോറിറ്റിയിലാണോ പരാതി പറയേണ്ടത്? അതോ ജില്ലാ അഡ്മിനിസ്ട്രേഷനിൽ വന്ന് അപാകതകൾ തിരുത്താൻ ഗവൺമെന്റിനോടാണോ പറയേണ്ടത്? അതുംകൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഞങ്ങളാരും ഇതിന് എതിരല്ല. മലപ്പുറം ജില്ലയിൽ പ്രശ്നങ്ങളുണ്ടാകരുതെന്ന ആഗ്രഹത്തിൽ ഞങ്ങൾ എം.എൽ.എ.-മാരെല്ലാവരും ഒറ്റക്കെട്ടായി 45 മീറ്റർ വീതിയാക്കുന്നതിന് അനുകൂലമാണ്.   ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അലൈൻമെന്റ് മാറ്റിയെന്ന്. അലൈൻമെന്റിന് തകരാറുണ്ടെങ്കിൽ മാറ്റണം. ഇപ്പോഴത്തെ അലൈൻമെന്റിന് തകരാറുണ്ടെങ്കിൽ അത് മാറ്റേണ്ടി വരും. ബഹുമാനപ്പെട്ട മന്ത്രി ജില്ലാ കളക്ടറെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിളിച്ച്

ഇതിന്റെ നിജസ്ഥിതി പരിശോധിച്ച് ജനങ്ങൾ പറയുന്നത് ശരിയാണോ എന്ന് മനസ്സിലാക്കി അവരോട് മുന്നോട്ട് പോകാൻ പറയണം. 3-ാം തീയതി വരെ അളക്കുന്നതിനോ കുറ്റിയടിക്കുന്നതിനോ അധികാരമില്ല. അത് പരാതി കൊടുക്കാനുള്ള സമയമാണ്. അതുവരെ പ്രവർത്തനങ്ങൾ നിർത്തിവച്ച് ഇതുമായി ബന്ധപ്പെട്ട ജില്ലാ ഉദ്യോഗസ്ഥന്മാരെയും എം.എൽ.എ.മാരെയും വിളിച്ച് യോഗം നടത്താൻ തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഒരു ആരാധനാലയവും ഈ അലൈന്മെന്റിൽ പോകുന്നില്ലെന്നുള്ള വ്യക്തമായ റിപ്പോർട്ട് വന്നിട്ടുണ്ട്. പലതവണ ചർച്ച ചെയ്തതാണ്. അവർ കുറ്റിയടിക്കുന്നുണ്ടെങ്കിൽ അത് നിയമപ്രകാരമാണ്. ഇപ്പോൾ ചെയ്തില്ലെങ്കിൽ കാലതാമസം നേരിടും. അതൊക്കെ നിയമപരമായ കാര്യമാണ്. ആക്ഷേപമുള്ളവർക്ക് ഇനിയും പരാതികൊടുക്കാമെന്ന കാര്യവും ഞാൻ പറഞ്ഞു. വേഗത കുറച്ചിട്ടില്ല. ഒരു വളവൊഴിച്ച് ബാക്കി വളവുകൾ ഇല്ലാതായി. ആ വളവിൽ മാത്രം വേഗത കുറച്ച് കുറച്ചിട്ടുണ്ട്. ബാക്കിയെല്ലായിടത്തും വേഗത 100 കി.മീ. തന്നെ വച്ചിട്ടുണ്ട്. ഡിസൈനെല്ലാം കറക്ടാണ്. ആരാധനാലയമൊന്നും ഉൾപ്പെടുന്നില്ല, അതിന്റെ കാര്യത്തിൽ സമരമൊന്നും നടക്കുന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതിന്റെ ഉദ്ദേശശുദ്ധിയെ മാനിച്ചുകൊണ്ട് പറയുകയാണ് ഇവിടെ വികാരത്തിന്റെ പ്രശ്നമല്ല. സംസ്ഥാന ഗവൺമെന്റിന് സ്വന്തമായി ഇതിൽ ഒരു തീരുമാനവുമില്ല. കളക്ടറെ വിളിച്ച് ഞാൻ പറഞ്ഞാൽ നാളെ എന്റെ പേരിൽ

വിജിലൻസ് കോടതി കേസുവരുമെന്ന് ഉറപ്പല്ലേ? അതൊക്കെ എനിക്കറിയാം. കളക്ടറൊന്നും ഞങ്ങളുടെ പോക്കറ്റിലല്ല. അങ്ങ് പറഞ്ഞതിൽ ബേസിക്കായ കോൺസ്റ്റിറ്റ്യൂഷണലായ മിസ്റ്റേക്ക് ഉണ്ട്. ഇന്ത്യയിൽ എവിടെയാണെങ്കിലും ഏത് കളക്ടറും സംസ്ഥാന ഗവൺമെന്റിന് കീഴിലാണെങ്കിലും IAS കേന്ദ്ര ഗവൺമെന്റിന്റെ കൺട്രോളിലാണെന്ന് ഓർക്കണം. എവിടെ ഭൂമിയെടുക്കേണ്ടി വന്നാലും ആ കളക്ടർ കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധിയാണ് ഞങ്ങളുടെ പ്രതിനിധിയല്ല. At that time on that issue Collector represents Central Government. അതെല്ലാം അങ്ങേയ്ക്ക് അറിയാം. ഞങ്ങൾക്ക് വിളിച്ചൊന്നും പറയാൻ കഴിയില്ല. അന്യായമായിട്ടുണ്ടെങ്കിൽ തുല്യനിലയിൽ ഭൂമിയെടുക്കാമെന്നിരിക്കെ എക്സംഷനൊന്നും കൊടുക്കേണ്ടതല്ലാത്ത സ്ഥലമാണെങ്കിലും ഒരു വശത്ത് മാത്രം സ്ഥലമെടുക്കുകയാണെങ്കിൽ പരാതി തന്നാൽ പരിഗണിക്കാവുന്നതേയുള്ളൂ. അതിൽ തർക്കമില്ല.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ഐ.എ.എസ്.-കാരുടെ സർവ്വീസ് ചട്ടങ്ങൾ അഖിലേന്ത്യാ സർവ്വീസാണെന്നേയുള്ളൂ. കേരള ഗവൺമെന്റിനാണ് ഇവിടെ ജോലി ചെയ്യുന്ന ഐ.എ.എസ് ഉദ്യോഗസ്ഥരുടെ ടോട്ടൽ കൺട്രോൾ. സർവ്വീസ് കാര്യം മാത്രമേ അവിടെയുള്ളൂ. അല്ലാതെ ഒരു അധികാരവുമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അതാണ് ശരി.

ഐ.എ.എസ്.-ന്റെ ഈ പറഞ്ഞ പ്രശ്നമൊക്കെയുണ്ടെങ്കിലും കളക്ടർ സംസ്ഥാന ഗവൺമെന്റിനു കീഴിലുള്ള ഒരു പ്രധാന പോസ്റ്റ് തന്നെയാണ്. അനാവശ്യമായി ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കേന്ദ്രം ശ്രമിക്കുന്ന കാലമാണിത്. തെറ്റിദ്ധാരണയ്ക്കിടയാക്കുന്ന ഒരു സ്റ്റേറ്റ്മെന്റാണ് അത്. കളക്ടർ സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥനായ ഒരു ഉദ്യോഗസ്ഥനാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അത് സമ്മതിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ ബേസിക്കായ കാര്യങ്ങൾ പറഞ്ഞു. ഭൂമിയെടുത്ത് കേന്ദ്ര ഗവൺമെന്റിനെ ഏൽപ്പിക്കേണ്ടതായതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം കളക്ടറെ സംസ്ഥാന ഗവൺമെന്റ് ചുമതലപ്പെടുത്തിയിരിക്കുകയാണ്. യാതൊരു ദുരുദ്ദേശവുമില്ല. എന്തെങ്കിലും അവിടെ സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം. ഒരു കുഴപ്പവുമില്ല.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഒരു മിനിട്ട് ഒരു കാര്യം...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: നോ... ഒരു ചോദ്യത്തിനേ പ്രസക്തിയുള്ളൂ. നേരിട്ട് സംസാരിക്കാമെന്ന് പറഞ്ഞു. നേരിട്ട് സംസാരിച്ചാൽ മതി.